**File No.DWCD/20208/2021-WEC4**

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :22/12/2021
Email - directorate.wcd@kerala.gov.in
Phone - 0471 - 2346508

വനിത ശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർ, ജില്ലാ ഐ.സിഡിഎസ് സെൽ
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം: - വനിത ശിശു വികസന വകുപ്പ് - Sukanya Samridhi Yojana-പദ്ധതി നടപ്പാക്കുന്നതിന് വകുപ്പ് തലത്തിൽ പിന്തുണ നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1. 30.09.2021 തീയതിയിലെ WCD/B1/122/2021-WCD നമ്പർ കത്ത്.
2. D.ONo.SB/MISC/2019 Dated: 21.09.2021

സൂചനയുടെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു. Beti Bachao Beti Padhao പദ്ധതിയുടെ ഭാഗമായി പോസ്റ്റൽ വകുപ്പ് മുഖേന നടപ്പാക്കുന്ന Sukanya Samridhi Yojana പദ്ധതി സമ്പൂർണ്ണമായി വിജയിപ്പിക്കുന്നതിന് വനിത ശിശു വികസന വകുപ്പിൽ നിന്നും പോസ്റ്റൽ വകുപ്പ് ജീവനക്കാർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിന് സൂചന പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും നിർദേശിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പോസ്റ്റൽ വകുപ്പ് മുഖേന നടപ്പാക്കുന്ന Sukanya Samridhi Yojana പദ്ധതിയുടെ സേവനം പരമാവധിപേരിൽ എത്തിക്കുന്നതിലേക്കായി വകുപ്പിൽ നിന്നുള്ള എല്ലാവിധ സഹായങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു. പദ്ധതിയുടെ വിശദാംശം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി.

## സുകന്യ സമൃദ്ധി യോജന (SSY)

പെൺകുട്ടികളുടെ സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കാൻ 2014 ലാണ് സുകന്യ സമൃദ്ധി അക്കൗണ്ട് ആരംഭിച്ചത്. 31/03/2019 ലെ കണക്കനുസരിച്ച് 1.41 കോടി സുകന്യ സമൃദ്ധി അക്കൗണ്ടുകൾ തപാൽ വകുപ്പ് മുഖേന പ്രവർത്തിക്കുന്നു. കേരള തപാൽ സർക്കിളിൽ ഏകദേശം 6.4 ലക്ഷം സുകന്യ സമൃദ്ധി അക്കൗണ്ടുകൾ ഉണ്ട്.

- പെൺകുട്ടികളുടെ ജനനം മുതൽ 10 വയസ്സ് തികയുന്നതിനു മുമ്പ് അവരുടെ പേരിൽ അക്കൗണ്ട് തുറക്കാൻ സാധിക്കും.
- പെൺകുട്ടിയുടെ മാതാപിതാക്കൾക്കോ നിയമപരമായ രക്ഷിതാക്കൾക്കോ അക്കൗണ്ട് ആരംഭിക്കാൻ കഴിയും.
- ഒരു പെൺകുട്ടിയുടെ പേരിൽ ഒരു അക്കൗണ്ട് മാത്രമേ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. രക്ഷിതാക്കൾക്ക് ഒരു പെൺകുട്ടിയുടെ പേരിൽ തന്നെ വ്യത്യസ്തമായ രണ്ട് അക്കൗണ്ടുകൾ തുടങ്ങുവാൻ സാധിക്കുകയില്ല.
- ഒരു കുടുംബത്തിൽ പരമാവധി രണ്ട് പെൺകുട്ടികൾക്ക് വേണ്ടി അക്കൗണ്ടുകൾ തുറക്കാം.ഒന്നാമത്തെയോ, രണ്ടാമത്തെയോ പ്രസവത്തിൽ നിന്ന് ഇരട്ടകുട്ടികളുണ്ടെങ്കിൽ, മൂന്നാമത്തെ അക്കൗണ്ട് തുറക്കാൻ ഈ പദ്ധതി അനുവദിക്കുന്നു (മെഡിക്കൽ അധികാരികളിൽ നിന്ന് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം).
- അക്കൗണ്ടിന് നോമിനേഷൻ നിർബന്ധമാണ്. പാസ് ബുക്ക് സൗകര്യം ലഭ്യമാണ്.
- സുകന്യ സമൃദ്ധി അക്കൗണ്ട് തുറക്കുന്നതിനുള്ള കുറഞ്ഞ നിക്ഷേപം 250/- രൂപയാണ്.
- ഒരു സാമ്പത്തിക വർഷത്തിൽ ചുരുങ്ങിയത് 250/- രൂപയും പരമാവധി 1,50,000/- രൂപയും സുകന്യ സമൃദ്ധി അക്കൗണ്ടിൽ നിക്ഷേപിക്കാം. (അധികമായി അടയ്ക്കുന്ന തുകയ്ക്ക് പലിശ അനുവദനീയമല്ല).
- ഒരു സാമ്പത്തിക വർഷത്തിൽ/വർഷങ്ങളിൽ കുറഞ്ഞ നിക്ഷേപം നടത്തുവാൻ മുടക്കം വരുത്തുന്ന പക്ഷം 50/- രൂപ പിഴയും ഒപ്പം മുടക്കിയ വർഷങ്ങളിലെ നിക്ഷേപവും നടത്തി അക്കൗണ്ട് ക്രമപ്പെടുത്താവുന്നതാണ്.
- സുകന്യ സമൃദ്ധി അക്കൗണ്ട് ആരംഭിച്ച തീയതി മുതൽ പെൺകുട്ടിക്ക് 15 വയസ്സ് പൂർത്തിയാകുന്നത് വരെ തുടർന്നുള്ള നിക്ഷേപം നടത്താവുന്നതാണ്.
- പെൺകുട്ടിയുടെ പേരിൽ അക്കൗണ്ട് തുറന്ന തീയതി മുതൽ 21 വയസ്സ് പൂർത്തിയാകുമ്പോൾ തന്നെ SSY സ്കീമും കാലാവധി പൂർത്തിയാക്കുന്നു.
- പെൺകുട്ടിക്ക് 18 വയസ്സ് തികയുന്നത് വരെ അക്കൗണ്ട് രക്ഷിതാവിന് കൈകാര്യം ചെയ്യാവുന്നതും, തുടർന്ന് KYC സമർപ്പിച്ച് പെൺകുട്ടിക്ക് തന്നെ അക്കൗണ്ട് പ്രവർത്തിപ്പിക്കുന്നതിനും സാധിക്കും.
- പെൺകുട്ടിയുടെ ഉന്നത വിദ്യാഭ്യാസത്തിനായി കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് തന്നെ ഒരു സാമ്പത്തിക വർഷത്തിൽ ഒരു തവണ എന്ന ക്രമത്തിൽ മുൻ സാമ്പത്തിക വർഷം വരെയുള്ള

നിക്ഷേപത്തിന്റെ പരമാവധി 50% വരെ മതിയായ രേഖകളോടെ പിൻവലിക്കാൻ സാധിക്കും. പരമാവധി 5 തവണ വരെ പിൻവലിക്കാം. (അഡ്മിഷന്റെയും ഫീസിന്റെയും മതിയായ രേഖകൾ ഹാജരാക്കേണ്ടതാണ്.)

- കാലാവധി പൂർത്തിയാകുമ്പോൾ പണം അക്കൗണ്ട് ഉടമയായ പെൺകുട്ടിക്ക് മാത്രമേ നൽകുകയുള്ളൂ.
- 21 വയസ്സിനു മുൻപ് കുട്ടിയുടെ വിവാഹ ആവശ്യത്തിന് വേണ്ടി അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതാണ്. ആയതിന് നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കേണ്ട താണ്.
- പ്രത്യേക സാഹചര്യങ്ങളിൽ കാലാവധി പൂർത്തി യാക്കുന്നതിന് മുൻപ് അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതാണ്. എന്നാൽ ആയതിന് അകൌണ്ട് തുടങ്ങി കുറഞ്ഞത് അഞ്ച് വർഷം പൂർത്തീകരിക്കേണ്ടതാണ്.
- മരണം സംഭവിക്കുന്ന പക്ഷം ഉടൻ അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതാണ്. ഒരു പോസ്റ്റ് ഓഫീസിൽ നിന്നും മറ്റൊരു പോസ്റ്റ് ഓഫീസിലേക്ക് അക്കൗണ്ട് മാറ്റാവുന്നതാണ്. ആയതിന് 100 രൂപയും GST യും ഒടുക്കേണ്ടണ്.
- ഈ പദ്ധതി പ്രകാരം തുക നിക്ഷേപിക്കുന്നതിന് Clause(viii) of sub section(2) of section80(c) of Income Tax Act 1981 പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.
- പലിശ നിരക്ക് അതാത് സമയങ്ങളിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം മുഖേന അറിയിക്കുന്നതാണ്. നിലവിലെ നിരക്ക് 7.6% ആണ്.

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി